# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: 67 09.08.2017 -ലെ മറുപടി

## സമഗ്ര നദീ സംരക്ഷണ പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പി.കെ.ബഷീർ<br>" ടി.വി.ഇബ്രാഹിം<br>" സി.മമ്മൂട്ടി<br>" പി.കെ.അബ്ദുറബ്ബ് | മാത്യു.ടി തോമസ്<br>(ജലവിഭവ വകുപ്പുമന്ത്രി) |
| (എ) വേനൽക്കാലങ്ങളിൽ സംസ്ഥാനത്തെ നദികൾ ഒട്ടുമിക്കതും ഒഴുക്കുനിലച്ച് വറ്റിപ്പോകുന്ന അവസ്ഥ കാലം ചെല്ലുംതോറും സർവ്വ സാധാരണമാകുന്നതിന്റെ കാരണങ്ങളെക്കുറിച്ച് പഠിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (എ) വേനൽക്കാലത്ത് സംസ്ഥാനത്തെ മിക്കവാറും നദികളിലും ഒഴുക്ക് കുറഞ്ഞ് പാരിസ്ഥിതിക നീരൊഴുക്കുപോലും ഇല്ലാത്ത അവസ്ഥയിലേക്ക് എത്തുന്നുണ്ട്. മുൻകാലങ്ങളെ അപേക്ഷിച്ച് സമീപ കാലത്ത് ഈ അവസ്ഥയിലെത്തുന്ന നദികളുടെ എണ്ണം കൂടി വരുന്നുണ്ട്. മഴയുടെ ലഭ്യതയിൽ വരുന്ന കുറവും ക്രമാതീതമായ രീതിയിൽ നദികളിൽനിന്നുള്ള മണൽ ഖനനവുമാണ് ഇതിന് കാരണം. വേനൽക്കാലങ്ങളിൽ വറ്റിപ്പോകുന്ന നദികളുടെ പുനരുജ്ജീവനത്തിനായി സമഗ്ര നദീതട വികസന പദ്ധതി തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. നദികളിലെ നീരൊഴുക്ക് കുറയുന്നതു സംബന്ധിച്ച പ്രത്യേക പഠനങ്ങളൊന്നും ജലസേചനവകുപ്പിന്റെ കീഴിൽ നടത്തിയിട്ടില്ല. |
| (ബി) മഴയുടെ ലഭ്യതയിലെ ഏറ്റക്കുറച്ചിലുകൾ ഉൾപ്പെടെയുള്ള കാരണങ്ങളാൽ അണക്കെട്ടുകളിലും ഈ പ്രവണത ആവർത്തിക്കുന്നുണ്ടെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; | (ബി) അണക്കെട്ടുകളിലെ ജല നിരപ്പ് എല്ലാ ദിവസവും കണക്കെടുത്ത് രേഖപ്പെടുത്താറുണ്ട്. കഴിഞ്ഞ വർഷങ്ങളിലെ രേഖകൾ പ്രകാരം, 2016-17-ലെ ജലനിരപ്പുകൾ മുൻവർഷത്തേക്കാൾ കുറവായിരുന്നു. |
| (സി) ജല ഉപഭോഗം വർദ്ധിച്ച് വരികയും ലഭ്യത കുറഞ്ഞു വരികയും നദികളിൽ ഉള്ള ജലം തന്നെ മനുഷ്യരുടെ വിവേകരഹിതമായ പ്രവൃത്തികൾ കൊണ്ടും ഉപ്പുവെള്ളം കയറിയും മലിനമായിക്കൊണ്ടിരിക്കുന്ന ഭീതിജനകമായ അവസ്ഥയിൽ ഒരു സമഗ്ര നദീ സംരക്ഷണ പദ്ധതി ആവിഷ്ക്കരിച്ച് നടപ്പാക്കുന്ന കാര്യം പരിഗണിക്കുമോ? | (സി) കേരളത്തിലെ പ്രധാന നദികളിൽ ഒന്നായ ഭാരതപ്പുഴയുടെ സമഗ്ര പുന:സ്ഥാപനത്തിനായി ഐക്യരാഷ്ട്ര സംഘടനയുടെ നേതൃത്വത്തിലുള്ള ഗ്രീൻ ക്ലൈമറ്റ് ഫണ്ടിംഗ് ലഭ്യമാക്കുന്നതിന് ലക്ഷ്യമിട്ടുകൊണ്ടുള്ള ഒരു പദ്ധതിയുടെ കൺസപ്റ്റ് നോട്ട് തയ്യാറാക്കിയിട്ടുണ്ട്. ഇത് അംഗീകരിക്കപ്പെടുകയാണെങ്കിൽ, കേരളത്തിലെ മറ്റു നദികളുടെ സമഗ്ര പാരിസ്ഥിതിക പുനസ്ഥാപനത്തിനുള്ള മാതൃകയായി ഇതിനെ |

ഉപയോഗിക്കാൻ കഴിയും. കൂടാതെ, ഹരിത കേരളം മിഷന്റെ ഭാഗമായുള്ള മണ്ണ്-ജലവിഭവം ഉപമിഷന്റെ രണ്ടാംഘട്ട പ്രവർത്തനത്തിന്റെ ഭാഗമായും നദീകളുടെ പുനരുജ്ജീവനം ലക്ഷ്യമിട്ടിട്ടുണ്ട്. കൂടാതെ സമഗ്ര നദീസംരക്ഷണ പദ്ധതികൾ നടപ്പാക്കുന്നതിന്റെ ഭാഗമായി ഒരു WRIS (Water Resources Information System) രൂപപ്പെടുത്തിക്കൊണ്ടിരിക്കുകയാണ്.

സെക്ഷൻ ഓഫീസർ